ജില്ലാ ഓഫീസുകൾവഴി നടപടി എടുത്തുവരുന്നു. നഗരസഭാ പ്രദേശങ്ങളിലെ പ്ലാസ്റ്റിക് മാലിന്യം ക്ലീൻ കേരള കമ്പനിവഴി ശേഖരിച്ച് പുനഃചംക്രമണത്തിനായി കൈമാറാനും നടപടി എടുത്തിട്ടുണ്ട്.

(ബി) ശുചിത്വമിഷനും ക്ലീൻ കേരള കമ്പനി ലിമിറ്റഡും മുഖേനയാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്.

(സി) ഉണ്ട്.

ഉറവിടമാലിന്യ സംസ്കരണ പദ്ധതി

125 (1561) ശ്രീ. കെ. രാധാകൃഷ്ണൻ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉറവിട മാലിന്യ സംസ്കരണത്തിന്റെ പ്രസക്തിയെ സംബന്ധിച്ച് വിശകലനം നടത്തിയിട്ടുണ്ടോ ;

(ബി) ഇതിനായി നടപ്പിലാക്കിയ വൻകിട പദ്ധതികളിൽ ഏതെങ്കിലും പ്രവർത്തനക്ഷമമായിട്ടുണ്ടോ ;

(സി) പ്രസ്തുത മേഖലയിൽ സംസ്ഥാനം അലോട്ട് ചെയ്ത 100 കോടി പദ്ധതിയിൽ എന്ത് തുക ചെലവാക്കുകയുണ്ടായി ; ക്ലീൻ കേരള കമ്പനിക്ക് ഇതിനകം പിരിച്ച ഷെയറുകൾ എത്ര ; എന്ത് തുകയുടെ ബിസിനസ് ഇതിനകം നടത്തുകയുണ്ടായി ;

(ഡി) മാലിന്യ നിർമ്മാർജ്ജനത്തിന് ഉറവിടമാലിന്യ സംസ്കരണത്തിന്റെ പ്രസക്തി ഉയർത്തിപ്പിടിച്ച് സി.പി.ഐ. (എം.) സംഘടിപ്പിച്ചിട്ടുള്ള ശുചിത്വകേരളം കാമ്പെയിൻ സംബന്ധിച്ച് നിലപാട് വ്യക്തമാക്കാമോ ;

(ഇ) ജനസാന്ദ്രത വളരെ ഉയർന്നതും ഭൂമിയുടെ ലഭ്യത കുറഞ്ഞതുമായ നമ്മുടെ സംസ്ഥാനത്തിനിണങ്ങിയ മാലിന്യ സംസ്കരണ പദ്ധതികൾ ഏത് തരത്തിലുള്ളവയാണെന്നു വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉറവിട മാലിന്യ സംസ്കരണ പദ്ധതിയിൽ ഉൾപ്പെടുത്തി വൻകിട പദ്ധതികൾ ഒന്നും തന്നെ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടില്ല

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനം അനുവദിച്ച 100 കോടി രൂപയിൽ 49.89 കോടി രൂപ ഉറവിട മാലിന്യസംസ്കരണ പദ്ധതികൾക്കും 28.62 കോടി രൂപ ഖരമാലിന്യ സംസ്കരണ പ്ലാന്റുകളുടെ നിർമ്മാണത്തിനുമായി ചെലവഴിച്ചിട്ടുണ്ട്. ക്ലീൻ കേരള കമ്പനിക്ക് ഇതിനകം 1000 രൂപ മൂല്യമുള്ള 47001 ഓഹരികളിൽ നിന്നായി 47001000 രൂപയുടെ മൂലധനമുണ്ട്. കമ്പനി ഇതിനോടകം 511458 രൂപയുടെ ബിസിനസ് നടത്തിയിട്ടുണ്ട്.

(ഡി) മാലിന്യ സംസ്കരണ പദ്ധതികൾ തദ്ദേശീയമായിട്ടുള്ള ജനകീയ കമ്മിറ്റിയിലൂടെയോ രാഷ്ട്രീയപാർട്ടികൾ സംഘടിപ്പിക്കുന്ന ക്യാമ്പെയിനിലൂടെയോ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നടപ്പാക്കാവുന്നതാണ് എന്നതാണ് സർക്കാർ നിലപാട്.

(ഇ) ജനസാന്ദ്രത വളരെ ഉയർന്നതും ഭൂമിയുടെ ലഭ്യത കുറഞ്ഞതുമായ സംസ്ഥാനത്ത് പരിസ്ഥിതിക്ക് കോട്ടം വരാത്തരീതിയിൽ നടപ്പിലാക്കിവരുന്ന വികേന്ദ്രീകൃത മാലിന്യസംസ്കരണത്തിനും ഉറവിട മാലിന്യസംസ്കരണത്തിനും പ്രാധാന്യം നൽകുന്ന രീതിയാണ് അനുയോജ്യമെന്ന് കാണുന്നത്. അതിനോടൊപ്പം ശേഷിക്കുന്ന സ്ഥലങ്ങളിൽ നിന്നുള്ള മാലിന്യം ശേഖരിച്ച് സംസ്കരിക്കാനുള്ള സംവിധാനവും അജൈവമാലിന്യങ്ങൾ ശേഖരിച്ച് പുനഃചംക്രമണം നടത്തുന്നതിന് ഉതകുന്ന റിസോഴ്സ് റിക്കവറി സെന്ററുകളും വഴിയുള്ള പൊതുമാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്താനും നടപടി എടുത്തുവരുന്നു.

എം.എസ്.ഡി.പി. കടിവെള്ള പദ്ധതി

126 (1562) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.എസ്.ഡി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നടപ്പാക്കുന്ന കുടിവെള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ബഹുമുഖ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കൽപ്പറ്റ നിയോജക മണ്ഡലത്തിലെ കുപ്പാടിത്തറ, പടിഞ്ഞാറേത്തറ വില്ലേജുകളിൽ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയുടെ പ്രവൃത്തികളെല്ലാം പൂർത്തിയായിട്ടുണ്ട്.

(ബി) പദ്ധതി പൂർത്തീകരിച്ച് പരീക്ഷണാടിസ്ഥാനത്തിൽ പമ്പിംഗ് നടത്തി കൊണ്ടിരിക്കുകയാണ്.

(സി) പണി പൂർത്തീകരിച്ചിട്ടുണ്ട്.

നഗരപ്രദേശങ്ങളിലെ ഖരമാലിന്യ നിർമ്മാർജ്ജനം

127 (1563) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗര പ്രദേശങ്ങളിലെ ഖരമാലിന്യ നിർമ്മാർജ്ജനത്തിന് എന്തെല്ലാം നടപടികളാണ് ഇപ്പോൾ സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) വിദേശ രാജ്യങ്ങളിലെ വിവിധ വൻ നഗരങ്ങളിലെ ശാസ്ത്രീയവും വികേന്ദ്രീകൃതവുമായ ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതികൾക്ക് സമാനമായ പദ്ധതികൾ കാലതാമസം കൂടാതെ ഇവിടെ നടപ്പാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ?

ഉത്തരം

(എ) മാലിന്യങ്ങൾ ഉൽപ്പാദിപ്പിക്കുന്ന സ്ഥലത്ത് തന്നെ നിർമ്മാർജ്ജനം ചെയ്യുന്നതിലേക്കായി ഉറവിട മാലിന്യ സംസ്കരണ പദ്ധതിക്ക് കൂടുതൽ പ്രാധാന്യം നൽകി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി നടപ്പിലാക്കി വരുന്നു. ആയതിന്റെ നിർവ്വഹണത്തിലേക്കായി ഉയർന്നതോതിൽ സർക്കാർ സാമ്പത്തിക സഹായം നൽകി വരുന്നു. കൂടാതെ പൊതുമാലിന്യ സംസ്കരണ പ്ലാന്റുകൾ നിലവിലില്ലാത്ത നഗരസഭകളിൽ അവ സ്ഥാപിക്കുന്നതിനും പ്ലാന്റുകളുള്ള നഗരസഭകളിൽ ആയവ കൂറ്റമറ്റതാക്കി ആധുനിക രീതിയിലാക്കുന്നതിനും 100% സാമ്പത്തിക സഹായം നൽകി വരുന്നു. മാലിന്യം ഉറവിടത്തിൽതന്നെ തരംതിരിക്കാനും ജൈവമാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ സംസ്കരിക്കാനും നടപടി എടുക്കുന്നതിന് സമൂഹത്തിലെ വിവിധ വിഭാഗങ്ങളുടെ സഹകരണം ഉറപ്പാക്കുന്നതിനുള്ള വ്യാപകമായ പ്രചരണ പരിപാടികളാണിപ്പോൾ നടത്തി വരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly